ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 20.12.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻറെ തെലങ്കാന, മധ്യപ്രദേശ് സന്ദർശത്തിന് ഇന്ന് തുടക്കം

**Vice-President CP Radhakrishnan will embark on a two-day visit to Telangana and Madhya Pradesh beginning today.**

2) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പശ്ചിമ ബംഗാൾ, അസം സന്ദർശനം ഇന്ന് ആരംഭിക്കും. വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിയ്ക്കും.

**Prime Minister Narendra Modi's visit to West Bengal and Assam will begin today. PM will inaugurate various development projects.**

3) പുത്തൻതലമുറ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ രാജ്യം പ്രകടമായ പുരോഗതി കൈവരിച്ചതായി കേന്ദ്ര മന്ത്രി അമിത് ഷാ.

**Union Minister Amit Shah said that the country has made significant progress in developing new generation infrastructure.**

4) സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ നിലവിലെ ഭരണ സമിതികളുടെ കാലാവധി ഇന്ന് അവസാനിക്കും.

തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ പൂർത്തിയാകും.

**The term of the current governing bodies of the state's local bodies will end today. The oath-taking of the elected members will be completed tomorrow.**

5) ഇന്ത്യ-നെതർലൻറ്സ് സംയുക്ത വ്യാപാര നിക്ഷേപ കമ്മിറ്റി രൂപീകരിക്കാൻ ഇരു രാജ്യങ്ങളും തമ്മിൽ ധാരണയായി.

**India and the Netherlands have announced the establishment of India-Netherlands Joint Trade and Investment Committee (JTIC) through a Memorandum of Understanding.**

6) ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പര സ്വന്തമാക്കി ഇന്ത്യ.

**In Men's Cricket, India clinch the T20 series against South Africa.**

☸☸☸☸☸☸☸☸☸☸☸☸☸

## VP-TELANGANA-MP

ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻറെ തെലങ്കാന, മധ്യപ്രദേശ് സന്ദർശനം ഇന്ന് ആരംഭിക്കും. ഇന്ന്, ഹൈദരാബാദിൽ നടക്കുന്ന പബ്ലിക് സർവീസ് കമ്മീഷൻ ചെയർപേഴ്സൺമാരുടെ ദേശീയ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ അദ്ദേഹം മുഖ്യാതിഥിയാകും. നാളെ, നന്ദിഗമയിലെ ഹാർട്ട്ഫുൾനെസ് ഗ്ലോബൽ ആസ്ഥാനത്ത് നടക്കുന്ന ലോക ധ്യാന ദിനാഘോഷത്തിലും അദ്ദേഹം പങ്കെടുക്കും. തുടർന്ന്, അടൽ ഫൗണ്ടേഷൻ സംഘടിപ്പിക്കുന്ന അടൽ ബിഹാരി വാജ്പേയിയുടെ ജന്മ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കാൻ ഉപരാഷ്ട്രപതി മധ്യപ്രദേശിലെ ഇൻഡോറിലെത്തും.

☸☸☸☸☸☸☸☸☸☸☸☸☸

## PM-ASSAM VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പശ്ചിമ ബംഗാൾ, അസം സന്ദർശന ത്തിന് ഇന്ന് തുടക്കമാവും. ഇന്ന് ബംഗാളിലെത്തുന്ന പ്രധാനമന്ത്രി നാദിയ ജില്ലയിലെ റാണാഘട്ടിൽ ദേശീയ പാത പദ്ധതികളുടെ തറക്കല്ലി ടലും ഉദ്ഘാടനവും നിർവഹിക്കും.

വിശദാംശങ്ങളിലേക്ക്....

(വോയ്സ്)

## SHAH-CREDAI CONCLAVE

പുത്തൻതലമുറ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിൽ കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യം പ്രകടമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്ന് കേന്ദ്ര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ ഇന്നലെ നടന്ന കോൺഫെഡറേഷൻ ഓഫ് റിയൽ എസ്റ്റേറ്റ് ഡെവലപ്പേഴ്സ് അസോസിയേഷൻസ് ഓഫ് ഇന്ത്യ ദേശീയ കോൺക്ലേവ് 2025-നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. നാഷണൽ ഇൻഫ്രാ സ്ട്രക്ചർ പൈപ്പ്ലൈൻ, ഭാരത്മാല, സാഗർമാല, പർവത്മാല തുടങ്ങിയ പദ്ധതികൾ നഗരവികസനത്തെ മികച്ച രീതിയിൽ സ്വാധീനിച്ചതായി ശ്രീ അമിത്ഷാ അഭിപ്രായപ്പെട്ടു.

## PARLIAMENT

ശീതകാല സമ്മേളനം പൂർത്തിയാക്കി പാർലമെന്റിന്റെ ഇരുസഭകളും അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ഈ മാസം ഒന്നിന് ആരംഭിച്ച ശീതകാല സമ്മേളനത്തിൽ ആകെ 15 ദിവസമാണ് സഭ ചേർന്നത്. തിരഞ്ഞെടുപ്പ് പരിഷ്കാരങ്ങളെ ക്കുറിച്ചും ദേശീയ ഗാനമായ വന്ദേമാതര ത്തിന്റെ 150-ാം വാർഷികത്തോട് അനുബന്ധിച്ചും ലോക്സഭയിലും രാജ്യ സഭയിലും പ്രത്യേക ചർച്ചകൾ നടന്നു. വികസിത് ഭാരത് - ജി റാം ജി ബിൽ 2025 ഉൾപ്പെടെ എട്ട് സുപ്രധാന നിയമങ്ങൾ പാസാക്കിയാണ് സമ്മേളനം പിരിഞ്ഞത്.

## LSGD OATH

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ നിലവിലെ ഭരണ സമിതികളുടെ കാലാവധി ഇന്ന് അവസാനിക്കും. തിരഞ്ഞെടു ക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നാളെ പൂർത്തിയാകും. പുതിയ ഭരണസമിതികളും നാളെ ചുമതല യേൽക്കും. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാ രുടേയും, ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസി പ്പാലിറ്റികളിലും, വരണാധികാരികളുടേയും മുൻപാകെ മുതിർന്ന അംഗമാണ് ആദ്യം സത്യപ്രതിജ്ഞ ചെയ്യുന്നത്. അധ്യക്ഷ- ഉപാധ്യക്ഷ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് ഈ മാസം 26, 27 തീയതികളിലാണ്.

## RATAN U KELKAR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി സംസ്ഥാനത്ത് ഈ മാസം 23 ന് പുറത്തിറക്കുന്ന കരട് വോട്ടർ പട്ടികയിൽ പേരുണ്ടോയെന്ന് സമ്മതിദായകർ പരിശോധിക്കണ മെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫിസർ രത്തൻ യു കേൽക്കർ. സംസ്ഥാനത്ത് എന്യൂമറേഷൻ ഫോമുകളുടെ ഡിജിറ്റൈസേഷൻ നൂറു ശതമാനം പൂർത്തിയായിട്ടുണ്ട്.

## L MURUGAN

പ്രാദേശിക ഭാഷകളിലെ പൊതുസേവന പ്രക്ഷേപണം ദൂരദർശൻ- ആകാശവാണി ശൃംഖലകളിലൂടെ ശാക്തീകരിച്ചതായി എൽ. മുരുകൻ. കേന്ദ്ര സർക്കാരിൻറെ ബ്രോഡ്കാസ്റ്റിംഗ് ഇൻഫ്രാ സ്ട്രക്ചർ ആൻഡ് നെറ്റ്വർക്ക് ഡെവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി, പ്രസാർ ഭാരതിയുടെ ആധുനികവത്കരണവും നവീകരണവും നടപ്പാക്കിവരുന്നതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

## IFFK

മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് ഇന്നലെ തിരുവനന്തപുരത്ത് തിരശീല വീണു. വൈകിട്ട് നിശാഗന്ധിയിൽ സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യു. ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാര ജേതാവ് അബ്ദെറഹ്മാൻ സിസാക്കോയ്ക്ക്

മുഖ്യമന്ത്രി പുരസ്കാരം സമ്മാനിച്ചു. മികച്ച സംവിധായകനുള്ള രജത ചകോര പുരസ്കാരം അർജന്റീനിയൻ ചിത്രം 'ബിഫോർ ദ ബോഡി'യുടെ സംവിധായക രായ കരീന പിയാസയ്ക്കും ലൂസിയ ബ്രാസെലിസിനും ലഭിച്ചു. ചലച്ചിത്ര മേളയിൽ സമഗ്ര കവറേജിനുള്ള ശ്രവ്യ മാധ്യമ പുരസ്കാരം ആകാശവാണിക്ക് ലഭിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## INDIA NETHERLANDS MOU

ഇന്ത്യ-നെതർലൻറ്സ് സംയുക്ത വ്യാപാര നിക്ഷേപ കമ്മിറ്റി രൂപീകരിക്കാൻ ഇരു രാജ്യങ്ങളും തമ്മിൽ ധാരണയായി. ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി വ്യാപരം, നിക്ഷേപം, സാമ്പത്തിക സഹകരണം എന്നിവ മെച്ചപ്പെടുത്തുന്നതിനാണ് ധാരണാ പത്രത്തിൽ ഒപ്പ് വെച്ചത്. ഡച്ച് വിദേശ കാര്യ മന്ത്രിയുടെ ഇന്ത്യാ സന്ദർശനത്തിൻറെ പശ്ചാത്തലത്തിലാണ് പ്രഖ്യാപനം.

☸☸☸☸☸☸☸☸☸☸☸☸☸

## GEORGE KURIAN

ഇന്ത്യൻ കരകൗശല വസ്തുക്കളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ടുള്ള ഗാന്ധി ശിൽപ ബസാർ - കൊച്ചിൻ ക്രാഫ്റ്റ് ഫെസ്റ്റ് 2025 പ്രദർശന മേളക്ക് ഇന്ന് തുടക്ക മാകും. എറണാകുളത്തെ മറൈൻ ഡ്രൈവിന് സമീപമുള്ള ശിവക്ഷേത്ര ഗ്രൗണ്ടിൽ നടക്കുന്ന പരിപാടി വൈകുന്നേരം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸☸

## PIB FACT CHECK

വ്യാജ വാർത്തകളുടെയും തെറ്റായ വിവരങ്ങളുടെയും പ്രചാരണം തടയുന്നതിനായി ഇത്തരം വാർത്തകൾ ശ്രദ്ധയിൽ പെടുന്ന പൊതു ജനങ്ങൾ പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് വിഭാഗത്തെ അറിയിക്കണമെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുകൻ. വിവരം പിഐബി വെബ്സൈറ്റ് വഴിയോ, ഇമെയിൽ വഴിയോ 8799 7112 59 എന്ന വാട്ട്സ്ആപ്പ് നമ്പർ വഴിയോ അറിയിക്കാം.

☸☸☸☸☸☸☸☸☸☸☸☸☸

## SABARIMALA- BOOKING

പുല്ലുമേട് കാനനപാത വഴിയുള്ള ശബരിമല തീർത്ഥാടകരുടെ എണ്ണം വർദ്ധിച്ചു വരുന്നതിനാൽ വണ്ടിപ്പെരിയാർ സത്രത്തിലൂടെ സ്പോട്ട് ബുക്കിംഗ് വഴി ദിവസം കടത്തിവിടുക ആയിരം തീർത്ഥാടകരെ മാത്രം. വെർച്വൽ ക്യൂ വഴി വണ്ടിപെരിയാർ- പുല്ലുമേട് പാത തിരഞ്ഞെടുത്ത് ബുക്ക് ചെയ്ത തീർത്ഥാടകർക്ക് നിയന്ത്രണം ബാധകമല്ല. ഹൈക്കോടതി നിർദ്ദേശത്തെ തുടർന്നാണ് തീരുമാനം.

❁❁❁❁❁❁❁❁❁❁❁❁❁

## SUPER LEAGUE FOOTBALL (INTRO)

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കണ്ണൂർ വാരിയേഴ്സിന് കിരീടം. തൃശ്ശൂർ മാജിക് എഫ്സിയെ ഫൈനലിൽ എതിരില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ചാണ് വാരിയേഴ്സ് ജേതാക്കൾ ആയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.....

(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁❁

## CRICKET U19 ASIA CUP

ദുബായിൽ ഇന്നലെ നടന്ന അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റിൽ ശ്രീലങ്ക ക്കെതിരെ ഇന്ത്യക്ക് എട്ട് വിക്കറ്റ് ജയം. മഴ കാരണം 20 ഓവറായി ചുരുക്കിയ മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക 138 റൺസ് നേടി. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ ഇന്ത്യ, 18 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. ഇന്ത്യ- പാകിസ്ഥാൻ ഫൈനൽ നാളെ ദുബായിൽ നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## T20-CRICKET

ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് മത്സരത്തിൽ 3-1 ന് പരമ്പര സ്വന്തമാക്കി ഇന്ത്യ. ഇന്നലെ അഹമ്മദാബാദിൽ നടന്ന അഞ്ചാമത്തെയും

അവസാനത്തെയും മത്സരത്തിൽ 30 റൺസിന് ഇന്ത്യ ദക്ഷിണാഫ്രിക്കയെ പരാജയപ്പെടുത്തി. ആദ്യം ബാറ്റിങ്ങി നിറങ്ങിയ ഇന്ത്യ നിശ്ചിത ഓവറിൽ അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 231 റൺസ് നേടി. ദക്ഷിണാഫ്രിക്കക്ക് 20 ഓവറിൽ എട്ട് വിക്കറ്റ് നഷ്ടത്തിൽ 201 റൺസേ നേടാനായുള്ളു.

❁❁❁❁❁❁❁❁❁❁❁❁❁

## US - SYRIA

അമേരിക്കൻ സൈന്യത്തിനു നേരെ സിറിയയിലെ ഐ എസ് ഭീകര സംഘടന നടത്തിയ ആക്രമണത്തിൽ തിരിച്ചടിച്ച് അമേരിക്ക. സിറിയയിലെ നിരവധി ഐ എസ് കേന്ദ്രങ്ങൾ തകർത്തതായി അമേരിക്കൻ പ്രതിരോധ സെക്രട്ടറി അറിയിച്ചു. അമേരിക്കക്ക് നേരെയുള്ള ആക്രമണങ്ങൾ തുടർന്നാൽ കനത്ത പ്രത്യാഘാത മുണ്ടാകുമെന്ന് അമേരിക്കൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപ് സമൂഹ മാധ്യമത്തിൽ കുറിച്ചു

❁❁❁❁❁❁❁❁❁❁❁❁❁

## HINDI EXAM- PLUS TWO

ഇന്ന് നടക്കാനിരുന്ന പ്ലസ് ടു ഹിന്ദി ക്രിസ്മസ് പരീക്ഷ മാറ്റി വെച്ചു. സാങ്കേതിക കാരണങ്ങളാലാണ് പരീക്ഷ മാറ്റുന്നതെന്ന് ഔദ്യോഗിക വൃത്തങ്ങൾ അറിയിച്ചു. പരീക്ഷ ജനുവരി 5 ന് ഉച്ചയ്ക്ക് ശേഷം നടക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## GOVT ADVISORY-AIRLINES FOG

മൂടൽമഞ്ഞും കാഴ്ചപരിമിതിയും കാരണം വിമാന സർവീസുകൾക്ക് തടസ്സം നേരിടുന്ന സാഹചര്യത്തിൽ യാത്രക്കാർക്ക് സൗകര്യമൊരുക്കുന്ന തിനുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കാനും വിമാനത്താവള ങ്ങളിൽ മതിയായ ജീവനക്കാരെ നിയമിക്കാനും കേന്ദ്ര സർക്കാർ വിമാനക്കമ്പനി കൾക്ക് നിർദ്ദേശം നൽകി. വ്യോമയാന മന്ത്രാലയം പുറത്തിറക്കിയ ഔദ്യോഗിക അറിയിപ്പിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## PUTIN - EUROPE

യൂറോപ്പിൽ സൂക്ഷിച്ചിരുന്ന റഷ്യയുടെ  വിദേശ നിക്ഷേപം കണ്ടുകെട്ടാനുള്ള യൂറോപ്യൻ യൂണിയന്റെ ശ്രമങ്ങളെ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ വിമർശിച്ചു. ഇത് രാജ്യങ്ങൾക്ക് യൂറോപ്പിനു മേലുള്ള വിശ്വാസം തകർക്കുമെന്ന് റഷ്യ മുന്നറിയിപ്പ് നൽകി.